# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1135 | 05.03.2018 -ൽ മറുപടിക്ക്

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) വില്ലേജാഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിനുള്ള സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി 13-ാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും അതിന്റെ ഒന്നാം വർഷ പദ്ധതിയായി 2017-18 സാമ്പത്തിക വർഷത്തിൽ 1500 ലക്ഷം രൂപയുടെയും 2-ാം വർഷ പദ്ധതിയായി 2018-19 വർഷത്തിൽ 2200 ലക്ഷം രൂപയുടെയും പ്ലാനിംഗ് ബോർഡിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) എത്ര വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയെന്നും, ബാക്കിയുള്ളവ എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കാമോ ? | (ബി) 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി പ്രകാരം നാളിതുവരെ 80 വില്ലേജാഫീസുകളുടെ നിർമ്മാണം/ നവീകരണത്തിനു ഭരണാനുമതി നൽകിയിട്ടുണ്ട്. സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിയുള്ള ബഡ്ജറ്റ് വിഹിതമനുസരിച്ച് സംസ്ഥാനത്തെ വില്ലേജ് ആഫീസുകൾ ഘട്ടംഘട്ടമായി സ്മാർട്ട് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 50 വില്ലേജുകൾ ഈ പദ്ധതിയിൽപ്പെടുത്തുന്നതിന് 2200 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ